"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ-മാലിന്യ ശേഖരണ ഡ്രൈവ് സംഘടിപ്പിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.268/2025/LSGD തീയതി,തിരുവനന്തപുരം, 28-01-2025

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 08/01/2025-ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്

**<u>ഉത്തരവ്</u>**

തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന മുഖേന ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള വ്യവസ്ഥ ശേഖരണ കലണ്ടറിൽ നൽകിയിട്ടുണ്ടെങ്കിലും വീട്ടുകളിലും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യം കൃത്യമായി ശേഖരിക്കാനുള്ള ക്രമീകരണം ഇനിയും നിലവിൽ വന്നിട്ടില്ല. ഇത് പരിഹരിക്കുന്നതിനായി ഇ-മാലിന്യം സമ്പൂർണമായി ശേഖരിക്കാനുള്ള ക്രമീകരണം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇ-മാലിന്യം കൃത്യമായി ഹരിതകർമ്മസേനക്ക് കൈമാറാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കാനുള്ള വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിരിക്കുന്നത്. ഇ- മാലിന്യ ശേഖരണ പ്രവർത്തനങ്ങളിൽ ഗാർഹിക ഗുണഭോക്താക്കൾക്കും ശേഖരിക്കുന്ന ഹരിത കർമ്മ സേനകൾക്കും ഇ.പി.ആർ ക്രെഡിറ്റ് ഭാഗമായുള്ള സാമ്പത്തിക ഗുണം ലഭ്യമാക്കുന്ന രീതി വികസിപ്പിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഇ-മാലിന്യ ശേഖരണ ഡ്രൈവ് സംഘടിപ്പിക്കുന്നതിന് പരാമർശം(1 )പ്രകാരം തീരുമാനിച്ചിരുന്നു.

<u>കോട്ടയം ജില്ല</u>

1.ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

2.വൈക്കം മുനിസിപ്പാലിറ്റി

3.കുറിച്ചി ഗ്രാമപഞ്ചായത്ത്

<u>തൃശ്ശൂർ ജില്ല</u>

4.വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

5.തെക്കുംകര ഗ്രാമപഞ്ചായത്ത്

6.എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

പ്രസ്തുത ഇ-മാലിന്യ ശേഖരണ ഡ്രൈവ് സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രോജക്റ്റ് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ, കില
സെക്രട്ടറി,ചങ്ങനാശ്ശേരി/ വൈക്കം / വടക്കാഞ്ചേരി മുനിസിപ്പാലിറ്റികൾ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, കുറിച്ചി / തെക്കുംകര / എരുമപ്പെട്ടി ഗ്രാമപഞ്ചായത്തുകൾ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 28-01-2025 14:17:36
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്

# ഇ-മാലിന്യ ശേഖരണ ഡ്രൈവ്

## I. നഗരസഭയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ

1. ഇ-മാലിന്യ ശേഖരണ ഉദ്ദേശം, സംഘടിപ്പിക്കുന്ന രീതി, ഏതൊക്കെ ഇ-മാലിന്യമാണ് ശേഖരിക്കുന്നത്, പുനരുപയോഗ സാധ്യമായതും ആപത്കര ഇ-മാലിന്യവും എന്താണ്, പുനരുപയോഗ സാധ്യമായവയുടെ ഇനം തിരിച്ചുള്ള വില വിവര പട്ടിക എന്നിവ കൃത്യമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള വിപുലമായ പ്രചാരണം.
2. ആപത്കര ഇ-മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, ബൾബ് , ബാറ്ററി തുടങ്ങിയവ പൊട്ടിച്ച് പുറത്തേക്ക് വലിച്ചെറിഞ്ഞാൽ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ പറ്റിയും ഇത് വലിച്ചെറിയുന്നവർക്കെതിരെയുള്ള നിയമ നടപടികളെ കുറിച്ചുമുള്ള അവബോധം ഡ്രൈവിന് മുന്നോടിയായി ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ.
3. ശേഖരണം ആരംഭിക്കുന്നതിന് കുറഞ്ഞത് ഒരാഴ്ച മുന്നേ എങ്കിലും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ശേഖരണ ദിനം മുൻ കൂട്ടി ലഭിക്കുന്നതിനുയുള്ള നടപടി സ്വീകരിക്കുക . എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും അറിപ്പ് കിട്ടിയെന്ന് ഉറപ്പാക്കുക.
4. സാമൂഹ്യ സംഘടനാ സംവിധാനങ്ങൾ, വ്യാപാരി - വ്യവസായി സംഘടനകൾ, റസിഡൻ്റസ് അസോസിയേഷനുകൾ, കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം തുടങ്ങി സാമൂഹ്യ സ്വാധീനമുള്ള സംഘടനകളുടെ ക്രിയാത്മകമായ പങ്കാളിത്തം പ്രചാരണത്തിലും സംഘാടനത്തിലും ഉറപ്പാക്കുക.
5. ഇ-മാലിന്യ ശേഖരണത്തിനായി ഹരിത കർമ്മ സേന അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുക. പുന: ചക്രമണ സാധ്യമായവ , അപകടരമായവ സംബന്ധിച്ച് വ്യക്തത, ഓരോ ഇനത്തിന്റെയും വില, തയ്യാറെടുപ്പുകൾ തുടങ്ങിയവയാണ് പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ടത്
6. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഇതിനാവശ്യമായ രസീത് ബുക്കുകൾ, വെയ്യിങ് മെഷിൻ ശേഖരിച്ച ഇ-മാലിന്യം അതാത് ദിവസങ്ങളിൽ തന്നെ സംഭരണ കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന് വാഹന സൗകര്യം.
7. പുന: ചക്രമണ സാധ്യമായ ഇ-മാലിന്യം വില നൽകി ശേഖരിക്കുന്നതിനായി ഒരു നിശ്ചിത തുക ഹരിത കർമ്മ സേന കൺസോർഷ്യത്തിന് മുൻകൂറായി നൽകുക. ഈ അഡ്വാൻസ് തുക ഹരിത കർമ്മ സേനയുടെ കൺസോർഷ്യം ഫണ്ടിൽ നിന്നോ തദ്ദേശ സ്വയം ഭരണസ്ഥാപനത്തിൽ നിന്നോ നൽകാവുന്നതാണ്. ക്ലീൻ കേരള കമ്പനി മെറ്റീരിയൽ വില നൽകുന്ന വേളയിൽ ഇതിനായി ഹരിതകർമ്മസേനക്ക് അഡ്വാൻസ് നൽകിയ തുക തിരിച്ചു പിടിക്കാവുന്നതാണ്.
8. ഇ-മാലിന്യ ശേഖരണത്തിനുള്ള പ്രത്യേക ഡ്രൈവ് ഫലപ്രദമാക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാരുടേയും ഹരിത കർമ്മ സേനയുടേയും റിവ്യൂ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുക
9. ഈ ഡ്രൈവിന്റെ മൊത്തം മേൽനോട്ടത്തിനായി നഗരസഭയിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം.
10. ഭരണ സമിതിയോഗത്തിലും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി , സ്റ്റിയറിംഗ് കമ്മിറ്റി, വാർഡ് ശുചിത്യാരോഗ്യ സമിതി എന്നിവിടങ്ങളിൽ കൃത്യമായ അവലോകനം നടത്തി ഇ-മാലിന്യ ശേഖരണ ഡ്രൈവ് വിജയിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക

## 2. ഹരിത കർമ്മ സേന നടത്തേണ്ട പ്രവർത്തനങ്ങൾ

1. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഇ-മാലിന്യ ശേഖരണ ഡ്രൈവിന്റെ വിവരം എത്തിക്കുകയും ഓരോ ഇ-മാലിന്യത്തിന്റെയും വില വിവരങ്ങൾ കൃത്യമായി അറിയിക്കുകയും ചെയ്യുക.

2. ഇ-മാലിന്യ ശേഖരണ ദിവസവും സമയവും മുൻകൂട്ടി വീടുകളിലും സ്ഥാപനങ്ങളിലും അറിയിക്കുക.
3. അപകടകരമായ ഇ-മാലിന്യം, പുനരുപയോഗ സാധ്യമായവ എന്നിങ്ങനെ തരം തിരിച്ച് സൂക്ഷിക്കുന്നതിനും കൈമാറുന്നതിനുമുള്ള നിർദ്ദേശം വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുക.
4. ആപത്കര ഇ-മാലിന്യം, പുനരുപയോഗ സാധ്യമായ ഇ-മാലിന്യം എന്നിങ്ങനെ വേർതിരിച്ച് പ്രത്യേകമായി ശേഖരിക്കണം.
5. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യം ശേഖരിക്കുമ്പോൾ ഓരോ ഇനത്തിലും വരുന്ന പുന: ചക്രമണ സാധ്യമായ ഇ-മാലിന്യ ത്തിൻ്റെ വില കൃത്യമായി നിശ്ചയിച്ച് പണവും രസീതും ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്

### 3. കുടുംബശ്രീ നടത്തേണ്ട പ്രവർത്തനങ്ങൾ

1. അയൽക്കൂട്ടം വഴിയും വാർഡുകളിലെ വാട്സാപ്പ് ഗ്രൂപ്പ് കൾ വഴിയും ഇ-മാലിന്യ ശേഖരണ ഡ്രൈവിനെ പറ്റിയുള്ള വിവരം എല്ലാ വീടുകളിലേക്കും എത്തിക്കണം
2. വീട്ടിലെ അംഗങ്ങൾ ഒരുമിച്ച് ചേർന്ന് തീരുമാനിച്ച് വിൽക്കാനുള്ള ഇ-മാലിന്യങ്ങളെ പ്രത്യേകമായി മാറ്റി വെയ്ക്കുന്നതിനുള്ള തയ്യാറെടുപ്പ് നടത്തണമെന്നുള്ള അറിയിപ്പ് അയൽക്കൂട്ടങ്ങൾ വഴി നൽകുക.
3. ആപത്കര ഇ-മാലിന്യം , പുനരുപയോഗ ഇ-മാലിന്യം എന്തൊക്കെയാണെന്നുള്ള അവബോധം, ആപത്കര ഇ-മാലിന്യങ്ങളായ ട്യൂബ് ലൈറ്റ്, ബൾബ് തുടങ്ങിയവ പൊട്ടിച്ച് പുറത്തേക്ക് വലിച്ചെറിഞ്ഞാൽ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ പറ്റിയും വലിച്ചെറിയുന്നവർക്കെതിരെയുള്ള നിയമ നടപടികളെ കുറിച്ചും അവബോധം നൽകുക.

### 4. ക്ലീൻ കേരള കമ്പനി നടത്തേണ്ട പ്രവർത്തനങ്ങൾ

1. ഇ-മാലിന്യത്തിന്റെ ഇനം തിരിച്ചുള്ള വില വിവര പട്ടിക രേഖാമൂലം തദ്ദേശ സ്ഥാപനത്തിന് കൈമാറേണ്ടതാണ് .
2. ശേഖരണ ഡ്രൈവിന് മുന്നോടിയായി ഹരിതകർമ്മ സേനയ്ക്ക് പരിശീലനം നൽകണം. ഡ്രൈവിന്റെ പ്രാധാന്യം, ഏതൊക്കെ ഇ-മാലിന്യമാണ് ഡ്രൈവിന്റെ ഭാഗമായി ശേഖരിക്കുന്നത് ഇതിൽ പുനരുപയോഗ സാധ്യമായതും അപകടകരവുമായ ഇ-മാലിന്യങ്ങൾ ഏതൊക്കെയാണ്, ഓരോ ഇനത്തിന്റെയും വില, ശേഖരണ സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ പരിശീലനത്തിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് .
3. ഡ്രൈവ് പൂർത്തിയാകുന്ന തൊട്ടടുത്ത ദിവസം തന്നെ ശേഖരിച്ച ഇ-മാലിന്യം ലിഫ്റ്റ് ചെയ്യുകയും അതിനുള്ള വില നൽകുകയും ചെയ്യണം.
4. ഡ്രൈവ് നടക്കുന്ന ദിവസങ്ങളിൽ പൊതു മേൽനോട്ടവും മാർഗ്ഗനിർദേശവും തദേശസ്വയം ഭരണ സ്ഥാപനത്തിനും ഹരിതകർമ്മസേനക്കും നൽകുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കേണ്ടതാണ്

### 5. ശുചിത്വ മിഷൻ നടത്തേണ്ട പ്രവർത്തനങ്ങൾ

1 . ഇ-മാലിന്യ ശേഖരണ ഡ്രൈവിന്റെ പ്രചാരണത്തിന് ആവശ്യമായ IEC പ്ലാൻ തയ്യാറാക്കുകയും അവ നടപ്പിലാക്കുന്നതിനുള്ള പിന്തുണ നൽകുകയും ചെയ്യുക

2. ഡ്രൈവ് ആരംഭിക്കുന്നതിനു മുമ്പും ഡ്രൈവ് നടക്കുന്നതിന് ഇടയിലും പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുകയും വിടവുകൾ പരിഹരിക്കാൻ ആവശ്യമായ സാങ്കേതിക സഹായം നൽകാൻ ക്രമീകരണം ഉണ്ടാക്കണം

3. ജില്ലാ ജോയിൻ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യുന്നതിന് ക്രമീകരണം ഉണ്ടാക്കുക.

4. തദേശസ്വയം ഭരണ വകുപ്പ് ജില്ലാ വേസ്റ്റ് മാനേജ്മെൻ്റ് സെക്രട്ടറിയേറ്റിൻ്റെ പിന്തുണയും മാർഗ്ഗനിർദേശവും തദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.

**6. തദ്ദേശസ്വയം ഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ**

1. തദ്ദേശസ്വയംഭരണ സ്ഥാപനം, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ എന്നീ ഏജൻസികളുടെ പ്രവർത്തന ഏകോപനം ഉറപ്പാക്കുക.

2. ക്ലീൻ കേരള കമ്പനിയുടെ സേവനം ഉറപ്പാക്കുക.

3. ഡ്രൈവിന്റെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക

4. ജില്ലാ വേസ്റ്റ് മാനേജ്മെൻ്റ് സെക്രട്ടറിയേറ്റിൻ്റെ പിന്തുണയും സഹായവും തദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കുക